**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 120**

**02.03.2020 ൽ മറുപടിക്ക്**

## തണ്ടർബോൾട്ട് സംഘത്തിനായി നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) മാവോവാദി വേട്ടയ്ക്ക് സജ്ജമാക്കിയ തണ്ടർബോൾട്ട് സംഘത്തെ ആധുനികവൽക്കരിക്കുവാൻ എന്തൊക്കെ സംവിധാനമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ബി) തണ്ടർബോൾട്ടിന്റെ ആവശ്യത്തിനായി നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയ്ക്ക് എത്രയെണ്ണം വാങ്ങിയെന്ന് വെളിപ്പെടുത്തുമോ;

സി) ഏത് സ്ഥാപനത്തിൽ നിന്നാണ് പ്രസ്തുത ക്യാമറകൾ വാങ്ങിയത്; നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ വാങ്ങുന്നതിന് ടെൻഡർ വിളിച്ചിരുന്നോ; ഏതൊക്കെ സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തതെന്ന് അറിയിക്കുമോ;

ഡി) ക്യാമറകൾ പോലീസിന് ലഭിക്കുന്നതിന് മുമ്പ് തന്നെ ക്യാമറകൾ ലഭിച്ചതായി പോലീസ് ആസ്ഥാനത്തെ സീനിയർ ക്ലാർക്ക് ആഭ്യന്തരവകുപ്പിന് കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് തുക നൽകിയിരുന്നോ;

ഇ) വാങ്ങിയ ക്യാമറകൾ നിലവാരം കുറഞ്ഞതും ഉപയോഗിക്കുവാൻ കഴിയാത്തതാണെന്നും കാണിച്ച് വയനാട്, മലപ്പുറം എസ്.പി.മാരും ആന്റി ടെററിസ്റ്റ് എസ്.പി.യും റിപ്പോർട്ട് നൽകിയിരുന്നോ;

എഫ്) പ്രസ്തുത ക്യാമറകൾ വാങ്ങിയ സമയത്തെ നവീകരണത്തിന്റെ ചുമതലയുള്ള എ.ഡി.ജി.പി. ആരായിരുന്നു; നിലവാരം കുറഞ്ഞ ക്യാമറ വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

**മറുപടി:**

എ) യും ബി) യും സി) യും ഡി) യും ഇ) യും എഫ്) യും: വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ